ചെയ്യാൻ ചെല്ലുന്ന സമയത്ത് ഫോറസ്റ്റു ഉദ്യോഗസ്ഥൻമാർ തടസ്സം ചെയ്യുന്ന പല സന്ദർഭങ്ങളും ഉണ്ട്. അതുകൊണ്ട് ഇപ്പോൾ അവിടെ മൃതദേഹം മറവ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പട്ടികജാതി വികസനവകുപ്പും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും കൂടി ചേർന്നുകൊണ്ട് ഇതുപോലുള്ള ആളുകൾക്കു കൈവശ രേഖ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : അംബേദ്ക്കർ ഗ്രാമങ്ങളിലും ഐ. എച്ച്. ഡി. പി കോളനികളിലും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി തുക നീക്കി വച്ചിട്ടും ആ തുക മുഴുവനും ചെലവഴിക്കാത്ത കേസുകൾ നമ്മുടെ സംസ്ഥാനത്തു ധാരാളമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അന്വേഷിക്കാൻ കമ്മിറ്റി വിളിച്ചുകൂട്ടിയപ്പോൾ പകുതിയിലധികം തുകയും ചെലവഴിക്കാൻ തയ്യാറായിട്ടില്ല. സംസ്ഥാന തലത്തിൽ നിലവിലുള്ള കോളനികളിൽ അനുവദിക്കപ്പെട്ട തുകകൾ ചെലവഴിക്കുന്നതിന് ഒരു റിവ്യൂ മീറ്റിംഗ് വിളിച്ചു കൂട്ടി അടിയന്തിരമായി പ്രവർത്തനം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ കെ. രാധാകൃഷ്ണൻ : ഇത് സംബന്ധിച്ച് എല്ലാ ജില്ലകളിലും റിവ്യൂ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ : അംബേദ്ക്കർ ഗ്രാമം ഉൾപ്പെടെയുള്ള കോളനികളിൽ ഹരിജനങ്ങളുടെ വീട് വയറിംഗ് ചെയ്തിട്ട് സി.ഡി. അടച്ചിട്ടുപോലും അവർക്ക് കണക്ഷൻ കൊടുക്കാൻ ബോർഡ് തയ്യാറായിട്ടില്ല. പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിൽ ഇത്തരം പരാതികൾ ധാരാളമായി നിലനിൽക്കുന്നു. എന്നാൽ ഇതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിച്ച് ഇതിനു പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം അന്വേഷിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ: 183

സംസ്ഥാനത്ത് അടച്ചിട്ടിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾ

3 (*183) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടച്ചിട്ടിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്ന എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് എത്ര വ്യവസായശാലകൾ ആണ് അടച്ചിട്ടിരിക്കുന്നത് എന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ദീർഘകാലമായി ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുള്ളതും ജോലി നിർത്തി വച്ചിട്ടുള്ളതും അടഞ്ഞു കിടക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി സർക്കാർ വിഭാവന ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത് ഈ പദ്ധതി താൽക്കാലത്തേക്കു മാറ്റി വയ്ക്കുവാൻ സർക്കാർ നിർബന്ധിതമായിരിക്കുകയാണ്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ശ്രീ. കെ. എം. മാണി : അടഞ്ഞു കിടക്കുന്ന വ്യവസായങ്ങൾ അത്രയും തുറന്നു പ്രവർത്തിപ്പിക്കും എന്നുള്ളതായിരുന്നു ഇടതുപക്ഷ മുന്നണിയുടെ കഴിഞ്ഞ തെരഞ്ഞെടുപ്പിലെ വാഗ്ദാനം, ഇപ്പോൾ എനിക്ക് നൽകിയിരിക്കുന്ന ഉത്തരത്തിൽ കാണുന്നത് 33 വ്യവസായങ്ങൾ അടഞ്ഞു കിടക്കുന്നുവെന്നുള്ളതാണ്. ഇതൊന്നും തുറന്നു പ്രവർത്തിപ്പിക്കാൻ ഇഫ്കടിവായിട്ടുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്താണ് ? തന്നെയുമല്ല ഈ നിയമസഭ തന്നെ അവ പുനരുദ്ധരിക്കുന്നതിനുവേണ്ടി 500 കോടി രൂപയുടെ ഒരു റീ-സ്ട്രക്ച്ചറിംഗ് ഫണ്ട് പോലും അനുവദിച്ചു തന്നതിനുശേഷവും ഇത്രയുമധികം വ്യവസായങ്ങൾ അടഞ്ഞു കിടക്കാൻ ഇടയായതു എന്താണ് ? അത് തുറപ്പിക്കാനുള്ള നടപടി സ്വീകരിക്കാതെ പോയതെന്താണ് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ വ്യവസായശാലകളൊക്കെ തുറപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വ്യവസായവുമായി ബന്ധപ്പെട്ട ആളുകളുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തി. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് പലതും അടഞ്ഞു കിടക്കുന്നതെന്നാണ് ഗവൺമെന്റിന് ബോധ്യമായിട്ടുള്ളത്.

ശ്രീ. കെ. എം. മാണി : കോൺഫറൻസ് വിളിച്ചു കൂട്ടുന്നതു മാത്രമല്ല, ഇഫക്ടിവായിട്ടുള്ള നടപടി സ്വീകരിച്ചുവെന്ന് പറയാൻ പോലും ഗവൺമെന്റിനു കഴിയുന്നില്ല എന്നുള്ളതു വളരെ ഖേദകരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യവസായങ്ങൾ അടച്ചു പൂട്ടുകയുണ്ടായി ? അതിന്റെ ഫലമായി എത്ര തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടുവെന്നുള്ളതു വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതിനു പ്രത്യേക ചോദ്യം വേണം.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് എത്ര തൊഴിലാളികൾക്കു ജോലി നഷ്ടപ്പെട്ടുവെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ലയെന്നാണ്. 33 വ്യവസായങ്ങളാണ് ഇപ്പോൾ അടച്ചു പൂട്ടിയിട്ടുള്ളതെങ്കിൽ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുന്നു എങ്കിൽ ആ 33 വ്യവസായശാലകളിലെ മൊത്തം എത്ര തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു ഇപ്പോൾ പറയാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : 33 വ്യവസായശാലകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം പൂട്ടിയിട്ടതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തൊക്കെ പൂട്ടിയിട്ട ഫാക്ടറികൾ ഉൾപ്പെടെ 33 ഫാക്ടറികൾ പൂട്ടി കിടപ്പുണ്ട്. അതിൽ മൊത്തം എത്ര തൊഴിലാളികൾ ഉണ്ടെന്നതിനു പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. തോമസ് ചാഴികാടൻ : കേരളത്തിലെ വ്യവസായ തൊഴിലാളികളുടെ ക്ഷാമബത്ത നിശ്ചയിക്കേണ്ടതു നിലവിലുള്ള നിബന്ധനയനുസരിച്ച് കുടുംബ ബഡ്ജറ്റ് സർവ്വേയുടെ അടിസ്ഥാനത്തിലാണ്. ഈ സർവ്വേ നടത്തിയിരിക്കുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം 1971-ലാണ്. ഈ കാര്യം ബഹുമാനപ്പെട്ട ബാബുദിവാകരനും, ഞാനും ശ്രീ. ഉമ്മൻ ചാണ്ടിയും പല തവണ ഈ നിയമസഭയിൽ ഉന്നയിച്ചതാണ്. പക്ഷെ ഇതേവരെ കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കാത്തതുകൊണ്ട് കഴിഞ്ഞ 30 വർഷത്തിനു മുൻപ് നിശ്ചയിച്ച ക്ഷാമബത്തയാണ് ഇന്ന് വ്യവസായ തൊഴിലാളികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കാനുള്ള നടപടി എന്തെങ്കിലും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതു വളരെ പ്രസക്തമായ കാര്യമാണ്. കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുത്തതു ഇവിടുത്തെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ തന്നെ ഗവൺമെന്റിന് മെമ്മോറാണ്ടം തന്നതിന്റെയടിസ്ഥാനത്തിൽ ഒരു കോൺഫറസ് വിളിച്ചുകൂട്ടി. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റാണ് ഇത് പൂർത്തിയാക്കേണ്ടത്. ലേബർ ഡിപ്പാർട്ടുമെന്റല്ല. വളരെ വേഗം അത് പൂർത്തിയാക്കിതരണമെന്ന് അവരോട് നിർദ്ദേശിച്ചിട്ടുണ്ട്. വളരെ വേഗം പൂർത്തിയാക്കി തരുമെന്ന് അവർ ഇങ്ങോട്ട് മറുപടിയും തന്നിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ദീർഘകാലമായി പൂട്ടിയിട്ടിരിക്കുന്ന വ്യവസായശാലകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക ഞെരുക്കം മൂലം മാറ്റി വച്ചിരിക്കുന്നുവെന്നാണ് പറഞ്ഞത്. സംസ്ഥാനത്തു പട്ടിണി മരണങ്ങൾ നടക്കുകയാണ്. ഈ ഒരു പ്രത്യേക സാഹചര്യത്തിൽ ഈ ഒരു സ്കീമിനു മുൻഗണന കൊടുത്തതുകൊണ്ട് ഈ പദ്ധതി പുനർജീവിപ്പിച്ച് അടച്ചിട്ടിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കഴിഞ്ഞ ബഡ്ജറ്റിൽ ഉൽപ്പെടുത്തി പൂട്ടി കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആയിരം രൂപാ വീതം കൊടുക്കണമെന്ന നിലയിലാണ് ഗവൺമെന്റ് സ്കീം തയ്യാറാക്കിയത്. അത് ചർച്ച ചെയ്തു വന്നപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് അത് മാറ്റി വയ്ക്കേണ്ടിവന്നത്. അത് ഉപേക്ഷിച്ചതല്ല. അത് മാറ്റി വച്ചിരിക്കുകയാണ്. സാമ്പത്തിക നില മെച്ചപ്പെടുന്നയവസരത്തിൽ ഈ സ്കീം നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. അതുപോലെ വളരെ ബുദ്ധിമുട്ടുള്ള ചില ഫാക്ടറികൾ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ ഏതെങ്കിലും നിലയിൽ ദുരിതം അനുഭവിക്കുന്ന തൊഴിലാളികൾ ഉണ്ടെങ്കിൽ തീർച്ചയായിട്ടും അവർക്കു എയിഡ് എത്തിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പലസ്ഥലത്തും അങ്ങനെ ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലത്ത് കേരളത്തിൽ കഴിഞ്ഞ കുറെക്കാലമായി പൂട്ടിയിട്ടിരിക്കുന്ന എല്ലാ ഫാക്ടറികളിലേയും തൊഴിലാളികൾക്ക് ആയിരം രൂപാ വീതം ഫെസ്റ്റിവൽ അഡ്വാൻസായി കൊടുത്തിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : ഒരു കൊല്ലത്തിൽ കൂടുതലായി പൂട്ടിക്കിടക്കുന്ന കോട്ടയം ജില്ലയിലെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിലെ തൊഴിലാളികൾക്ക് ഈ സ്കീം പ്രകാരം ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഈ സഹായം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അത് പ്രത്യേകമായി എഴുതി തന്നാൽ അതിനെപ്പറ്റി ശ്രദ്ധിച്ച് അത് പരിശോധിച്ച് നടപടി എടുക്കാം.

ശ്രീ. കെ. നാരായണക്കുറുപ്പ് : അടച്ചിട്ട വ്യവസായശാലകളിലെ (ഒരു വർഷത്തിലേറെയായി) തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ? ചില വ്യവസായ ശാലകളിൽ കൊടുക്കുന്നുണ്ട്. അൽപ്പകാലം കഴിഞ്ഞ ശേഷമെങ്കിലും അത് കൊടുക്കാൻ കഴിയുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ചില വ്യവസായ മേഖലകളിൽ ആലോചിക്കേണ്ടിവരും. കാരണം ഇപ്പോൾ തന്നെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ദുരിതം അനുഭവിക്കുന്ന ഏതെങ്കിലും വ്യവസായ മേഖലകൾ ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അവർക്ക് റേഷനും മറ്റ് ആനുകൂല്യങ്ങളും ചികിൽസാ സൗകര്യങ്ങളും കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതു ഒഴിവാക്കുന്നതിന് തൊഴിൽ തർക്ക നിയമങ്ങളിലുള്ള ഇപ്പോഴത്തെ അപര്യാപ്തതയാണ് പ്രധാനപ്പെട്ട ഒരു വസ്തുത എന്ന് മനസ്സിലാക്കി ഈ തൊഴിൽ നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനെപ്പറ്റി ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതായത് ഇന്ന് നിലവിലിരിക്കുന്ന ഐ. ഡി. ആക്ട് അതുപോലെതന്നെ തൊഴിലാളിക്ക് അനുകൂലമായ പല നിയമങ്ങൾ സംബന്ധിച്ചും അതിനകത്ത് പരിമിതികളുണ്ട്. ഇപ്പോൾത്തന്നെ കോൺഫറൻസിൽ പങ്കെടുക്കാത്ത മുതലാളിമാർ, അവരെ കോൺഫറൻസിൽ പങ്കെടുപ്പിക്കുന്നതിന് നിയമപരമായി ലേബർ ഡിപ്പാർട്ടുമെന്റിന് ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ആ നിലവിലുള്ള സംവിധാനങ്ങൾ നിലവിലിരിക്കുന്നു എന്നുള്ളതുകൊണ്ട് തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒട്ടേറെ വിഷമതകൾ ഉണ്ട് എന്നുള്ളത് സത്യമാണ്. അതിനുവേണ്ടിയാണ് ഇന്ന് നിലവിലുള്ള ലേബർ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനെപ്പറ്റിയും, അതിൽ കാലോചിതമായി പരിഷ്ക്കാരം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും ഒരു ലേബർ കമ്മീഷനെ, ഒരു ഏകാംഗ കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. മാമ്മൻ മത്തായി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം പറഞ്ഞപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉൾപ്പെടെ 31 വ്യവസായ ശാലകളാണ് അടച്ചുപൂട്ടിയിരിക്കുന്നത് എന്ന് പറയുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ ശാലകൾ അടച്ചുപൂട്ടി ; അങ്ങയുടെ ഡിപ്പാർട്ടുമെന്റിന്റെ ശ്രമഫലമായി ഏതെങ്കിലും വ്യവസായ ശാലകൾ അടച്ചുപൂട്ടിയത് തുറന്നുപ്രവർത്തിക്കുവാൻ ഇടയായിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, എന്റെ പരിശ്രമത്തിന്റെ ഫലമായിട്ടാണ് മധുര കോർട്സ് അടച്ചുപൂട്ടിയത് തുറന്നത്. പിന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയിട്ട ഫാക്ടറിയാണത്. കൊല്ലം സ്റ്റാർച്ച് ഫാക്ടറി ഈ ഗവൺമെന്റിന്റെ കാലത്താണോ പൂട്ടിയത് ? ഇപ്പോൾവരെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഏതെല്ലാമാണ് എന്നാണ് ചോദ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുൻപും വർഷങ്ങളായി പൂട്ടികിടക്കുന്ന ഫാക്ടറിയാണിത്. ആ ഫാക്ടറിയുടെ ലിസ്റ്റാണ് ഇവിടെ ഈ സഭയിൽ വച്ചിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്തേയും കാണും അത് ഏതാണെന്നു പ്രത്യേകം ഇപ്പോൾ എനിക്കു പറയാൻ കഴിയുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയിട്ട ഫാക്ടറി ഏതാണെന്ന് ചോദിച്ചാൽ അതിനു മറുപടി പറയാൻ കഴിയില്ല.

ശ്രീ. മാമ്മൻ മത്തായി : സർ, പല വ്യവസായ ശാലകളും പൂട്ടിക്കിടക്കുന്നതു തുറന്നുപ്രവർത്തിപ്പിക്കുവാൻ കഴിയാത്തത് ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കൺസീലിയേഷൻ മെഷീനറിയുടെ ഡിഫക്ട് ആണെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ആവശ്യമായ പരിശീലനവും മറ്റും ഉദ്യോഗസ്ഥൻമാർക്കു നൽകി അത് കൂറെക്കൂടി സ്ട്രെംഗ്തൻ ചെയ്യാൻ ആവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, അങ്ങ് ട്രേഡ് യൂണിയൻ സംഘടനകളുമായി ബന്ധമുള്ള ആളാണെന്നു എനിക്ക് തോന്നുന്നില്ല. അപ്പുറത്തിരിക്കുന്ന പല മെമ്പറൻമാരും ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രഗത്ഭൻമാരായ നേതാക്കന്മാരാണ്. അവർക്കറിയാം ഈ ഗവൺമെന്റ് വന്നതിനുശേഷം ലേബർ ഡിസ്പ്യൂട്ടുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ, നിലവിലുള്ള നിയമങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന എൻഫോഴ്സ്മെന്റ് സംവിധാനം, ആ ട്രേഡ് യൂണിയൻ നേതാക്കൻമാരാരെങ്കിലും ഒരു പരാതി പറയട്ടെ, അങ്ങേയ്ക്ക് ഈ സംഘടനകളുമായി ബന്ധമില്ലാത്തതുകൊണ്ടാണ് അങ്ങ് ഇങ്ങനെ ഒരഭിപ്രായം പറഞ്ഞത്.

ശ്രീ. പി. രാഘവൻ : സർ, ഇപ്പോൾ അടച്ചിട്ട 10-30 വ്യവസായങ്ങളിൽ മഹാഭൂരിപക്ഷവും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചു പൂട്ടിയതാണെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിലെ വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിനു പ്രധാനപ്പെട്ട കാരണം കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയമാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇപ്പോൾ പുതുതായി കഴിഞ്ഞ കോൺഗ്രസ്സ് ഗവൺമെന്റ് ആരംഭിച്ചതും ബി. ജെ. പി. യുടെ ഗവൺമെന്റ് തുടർന്നതുമായിട്ടുള്ള വ്യവസായ തൊഴിൽ നയങ്ങൾ, ആ നയത്തിന്റെ ഫലമായി നമ്മുടെ കേരളത്തിൽ ഇന്ന് നിലവിലുള്ള വ്യവസായങ്ങളെ അതെങ്ങനെ ബാധിക്കുമെന്നും അത് തടഞ്ഞുനിർത്താൻ ഈ ഗവൺമെന്റ് എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയ നയങ്ങൾമൂലം നമ്മുടെ കേരളത്തിലെ വ്യവസായങ്ങൾ പ്രതിസന്ധിയെ നേരിടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആ പ്രതിസന്ധിയെ നേരിടുന്നതിന് ആ വ്യവസായ രംഗത്ത് മാറ്റങ്ങൾ ആവശ്യമാണ്. ആ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ അതിനാവശ്യമായ നടപടി ക്രമങ്ങളും ഉണ്ടാകണം. അതനുസരിച്ച് അത്തരം മാറ്റങ്ങളെ എങ്ങനെ തൊഴിലാളി സംഘടനകൾ നേരിടണം എന്നുള്ളതിനെ സംബന്ധിച്ച ഒരു കാഴ്ചപ്പാട് ട്രേഡ് യൂണിയൻ സംഘടനകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ നടപടികളൊക്കെ ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് കാലോചിതമായി ഇന്ന് നിലവിലിരിക്കുന്ന നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഒരു ലേബർ കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ അദ്ദേഹം നിയമങ്ങൾ എൻഫോഴ്സ്ചെയ്യുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ശ്രീ. മാമ്മൻ മത്തായിയുടെ ചോദ്യം കൺസീലിയേറ്ററി പ്രൊസീഡിംഗ്സിനെ കുറിച്ചാണ്. ഇത് രണ്ടും രണ്ടാണ്. ഇവിടെ ഇന്ന് ഈ തൊഴിൽ ഉടമകളിൽ നിന്നുള്ള ധാർഷ്ട്യം വളരെ വർദ്ധിച്ചുവരുന്നു. ഞാൻ ആ

വാക്കുതന്നെ ഉപയോഗിക്കാൻ ആഗ്രഹിക്കുകയാണ്. കൺസീലിയേഷൻ കോൺഫറൻസിൽ പങ്കെടുക്കാതിരിക്കുക, പങ്കെടുത്താൽ തന്നെ ഇങ്ങോട്ട് ഡിമാന്റുകൾ വയ്ക്കുക അതായത് ഗവൺമെന്റിന്റെ മുമ്പിലേയ്ക്കും, തൊഴിലാളികളുടെ മുമ്പിലേയ്ക്കും ഡിമാന്റുകൾ വച്ച് ആ കോൺഫറൻസുകൾ പരാജയപ്പെടുത്തുക അങ്ങനെയുള്ള ഒരു ചിന്താഗതി നിർഭാഗ്യവശാൽ ഈ രാജ്യത്തെ തൊഴിൽ ഉടമകളിൽ ഉണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ, ഞാൻ പറയണ്ടല്ലോ. നമ്മുടെ ജില്ലയിലൊക്കെ എല്ലാ വ്യവസായങ്ങളും തീർന്നുകഴിഞ്ഞു. അത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്നും ഞാൻ ഇപ്പോൾ പറയുന്നില്ല അങ്ങ് രാഷ്ട്രീയവൽക്കരിക്കരുത്, കൂടുതലും ഇപ്പോഴാണ്, അതിലേക്കു ഞാൻ കടക്കുന്നില്ല. കേരളത്തിൽ മാത്രമല്ലല്ലോ ഈ തൊഴിൽ നിയമങ്ങൾ ബാധകമാകുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമല്ലേ? അപ്പോൾ മറ്റു സംസ്ഥാനങ്ങളിലൊക്കെ ചെയ്യുന്നതുപോലെ ഇതുമായി ബന്ധമുള്ള ആളെന്ന നിലയിൽ മറ്റൊരുകാര്യം ഞാൻ പറയട്ടെ, ഈ നിയമത്തിൽ തന്നെ ഇങ്ങനെയുള്ള മുതലാളിമാരെ കൺസീലിയേഷൻ ടേബിളിൽ കൊണ്ടുവരുവാനുള്ള മാർഗ്ഗങ്ങൾ പല നിയമങ്ങളിലും ഉണ്ട്. പ്രോസിക്യൂഷൻ നടപടികൾ നടത്താനുള്ള നിയമം ഉണ്ട്. പി.എഫ്. അടയ്ക്കില്ല, ക്ഷേമനിധി അടയ്ക്കില്ല, എന്തു ധിക്കാരവും കാണിക്കാമെന്നുള്ള നിലയിലേയ്ക്കുപോകുന്ന ഇവർക്കെതിരായി ഉപയോഗിക്കാൻ നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥ അനുസരിച്ച് ഗവൺമെന്റ് ശ്രദ്ധിക്കണ്ടേ. ബോണക്കാട് പ്രശ്നം ; അവരെ കോൺഫറൻസിനു കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല, അതുപോലെ തന്നെ മറ്റു പലയിടങ്ങളിലും. അതുകൊണ്ട് അതിനു നിയമം ഉണ്ട്. ആ നിയമം ഉപയോഗിച്ച് ചെയ്യുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, അങ്ങ് ഇവിടെ പറഞ്ഞത് പുതിയ പ്രതിഭാസമല്ല. ഈ കോൺഫറൻസിൽ മുതലാളിമാർ ധിക്കാരം കാണിക്കുന്ന പ്രതിഭാസം കുറെക്കാലമായി നിലനിൽക്കുന്നു. അത് ഈ അടുത്ത കാലത്തുണ്ടായ പ്രതിഭാസമല്ല. അങ്ങ് പറഞ്ഞതുപോലെ ഇന്ന് കേരളത്തിൽ നിലവിലിരിക്കുന്ന തൊഴിൽ നിയമങ്ങളുടെ പേരിൽ ഒട്ടേറെ കേസ്സുകൾ എടുക്കുന്നുണ്ട്. അങ്ങ് ഉദാഹരണമായി പറഞ്ഞില്ലേ, ബോണക്കാട്. ബോണക്കാട് ഈ തൊഴിൽപ്രശ്നം ഉണ്ടായതിനുശേഷം ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്ന് പേമെന്റ് ഓഫ് വേജസ് ആക്ട് തുടങ്ങിയ നിയമങ്ങൾക്കു വിധേയമായി 11 കേസുകൾ ചാർജ് ചെയ്ത് ശിക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ വളരെ പ്രധാനപ്പെട്ട നാലു കേസ് നിലവിലുണ്ട്. അല്ലാതെ ഇതൊന്നും ചെയ്യാത്തതുകൊണ്ടല്ല. ഇതൊക്കെ കാലാകാലങ്ങളിൽ ചെയ്യുന്നു. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്, കൺസീലിയേഷൻ കോൺഫറൻസിൽ പങ്കെടുക്കാതിരിക്കുന്ന മുതലാളിമാരെ അതിൽ പങ്കെടുപ്പിക്കാൻ ഇന്ന് നിലവിലിരിക്കുന്ന നിയമത്തിൽ യാതൊരു വ്യവസ്ഥകളുമില്ല. എന്നാലും ഗവൺമെന്റ് ചെയ്യുന്നുണ്ട്. ഇപ്പോൾ പൊൻമുടി എസ്റ്റേറ്റിൽ കോൺഫറൻസിനു വിളിച്ചപ്പോൾ സ്ഥിരമായി ആ മുതലാളി കോൺഫറൻസിനു വരാറില്ല. ഞാൻ ഇവിടത്തെ പോലീസ് സൂപ്രണ്ടിനെ വിളിച്ച് ഈ സാഹചര്യം എക്സ്പ്ലെയിൻ ചെയ്തപ്പോൾ അദ്ദേഹം പോയി അടുത്ത കോൺഫറൻസിന് അയാളെ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുപ്പിച്ചു. അങ്ങനെയൊക്കെ ഈ ഗവൺമെന്റ് വന്നതിനുശേഷം ചില നടപടികളൊക്കെ സ്വീകരിക്കുന്നുണ്ട്. ഈ സംവിധാനത്തിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിനാണ് ലേബർ കമ്മീഷനെ നിയമിച്ച് പുതിയ നിയമം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം അങ്ങ് പറഞ്ഞല്ലോ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ ഇങ്ങനെയൊക്കെ ചില നിയമങ്ങൾ ഉണ്ടെന്ന്. അവിടെയും അപര്യാപ്തതയുണ്ട്, ആ അപര്യാപ്തത പരിഹരിക്കുന്നതിന് അവിടെ ലേബർ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. പക്ഷെ ആ ലേബർ കമ്മീഷനിൽ യഥാർത്ഥ തൊഴിലാളി പ്രസ്ഥാനത്തിന് പ്രാതിനിധ്യമില്ല. ഇവിടെ യഥാർത്ഥ തൊഴിലാളി സംഘടനകളുമായി ആലോചിച്ചാണ് ഇത്തരം നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള, ഇപ്പോൾ നടപ്പാക്കാൻ നടപടി എടുത്തിട്ടുള്ള കേരള സർക്കാരിന്റെ തൊഴിൽവകുപ്പ് "ലേബർ അജണ്ട 2000" കേരളത്തിലെ തൊഴിലാളികൾക്കിടയിലും ട്രേഡ് യൂണിയൻ സംഘടനകളുമൊക്കെ വളരെ ആവേശത്തോടുകൂടിയാണ് അത് നോക്കിക്കാണുന്നത്. അതിനകത്ത് 12 ഇനം ഉള്ളതിൽ 9-ാമത്തെ ഇനമായി പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്കു സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഈ സഭയിൽ അവതരിപ്പിച്ച ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിനു മറുപടിയായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ആറുമാസം മുമ്പ് തൊഴിലാളികൾക്ക് ക്ലോഷറോ, ലോക്കൗട്ടോ ഒന്നുമല്ലാതെ, തൊഴിലാളികളുടെ കുറ്റംകൊണ്ടല്ലാതെ സ്ഥിരമായി അടച്ചുപൂട്ടിക്കിടക്കുന്ന വ്യവസായ ശാലകളിലെ തൊഴിലാളികൾക്കു പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും നടപ്പാക്കിയതുപോലെയുള്ള ഒരു ആശ്വാസ പദ്ധതി നടപ്പിലാക്കാം എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്, ഉറപ്പു നൽകിയിട്ടുള്ളതാണ്. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽത്തന്നെയും ഇത് നടപ്പാക്കാൻ അങ്ങ് എത്രയും വേഗം നടപടി എടുക്കണം. അതിനു ട്രേഡ് യൂണിയൻ സംഘടനകളുമായി ആലോചിച്ച് ആവശ്യമായ നടപടി എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, പൂട്ടിയിട്ട ഫാക്ടറികളിലെ തൊഴിലാളികൾക്ക് തമിഴ്നാട്ടിലും ബംഗാളിലുമൊക്കെ മാസം തോറും 500 രൂപാ വച്ച് കൊടുക്കുന്ന ഒരു പദ്ധതിയുണ്ട്. ഞങ്ങൾ ബംഗാളുമായും തമിഴ്നാടുമായും ബന്ധപ്പെട്ടതിനുശേഷമാണ് സ്കീം തയ്യാറാക്കിയത്. സ്കീം തയ്യാറാക്കിയതിനു ശേഷം ഇവിടെ അതിന്റെ ചർച്ച വന്ന അവസരത്തിലാണ് സാമ്പത്തിക ബുദ്ധിമുട്ട് ബോദ്ധ്യപ്പെടുന്നത്. ആ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഫൈനാൻസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച തുക 500 എന്നുള്ളത് കുറച്ച് പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ചികിൽസാ സൗകര്യത്തിന് മരുന്നുവാങ്ങാനും ഒക്കെയായി ഒരു സഹായം കിട്ടത്തക്ക നിലയിൽ ഒരു ചെറിയ തുകയെങ്കിലും കൊടുക്കുന്നതിനെപ്പറ്റി ഗൗരവതരമായി ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly